പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3073 **29-10-2026-ൽ മറുപടിയ്ക്ക്**

കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വി. കെ. സനോജ്

ശ്രീ. എ. പ്രഭാകരൻ

ശ്രീ. പി. പി. സുമോദ്

ശ്രീ. പി. കെ. പ്രവീൺ

മറുപടി നൽകിയ മന്ത്രി

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

(എ) വികസന ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്നതിന് കേരളത്തിൽ പൊതുവെ കണ്ടുവരുന്ന പ്രയാസങ്ങൾ എന്തൊക്കെയാണ്;

മറുപടി: കേരളത്തിൽ ഭൂമിയുടെ ലഭ്യതക്കുറവ്, ഉയർന്ന ജനസാന്ദ്രത എന്നിവ കാരണം വികസന ആവശ്യങ്ങൾക്കായി വലിയ തോതിലുള്ള ഭൂമി ഏറ്റെടുക്കുന്നതിന് ബുദ്ധിമുട്ടുണ്ട്. ഭൂമിയുടെ ഉയർന്ന വില, ഭൂമി ഏറ്റെടുക്കുമ്പോൾ കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ പുനരധിവാസവും പുന:സ്ഥാപനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ, കൂടാതെ ന്യായമായ നഷ്ടപരിഹാരം നൽകുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതുള്ള കാലതാമസം, ഭൂമിയുടെ സർവ്വേ നടപടികൾ, ഉടമസ്ഥാവകാശം സംബന്ധമായ തർക്കങ്ങൾ മൂലം നടപടികൾ തടസ്സപ്പെടൽ തുടങ്ങിയ പ്രയാസങ്ങൾ ആണ് പ്രധാനമായും അനുഭവപ്പെടുന്നത്.

(ബി) കണ്ണൂരിലും പാലക്കാടുമായി കിൻഫ്ര വഴി ഭൂമി ഏറ്റെടുക്കുന്നത് കേരളത്തിന്റെ ഭാവി വികസനത്തിന് കുതിപ്പേകുന്ന കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിക്കാണെന്ന (Kochi-Bengaluru Industrial Corridor) യാഥാർത്ഥ്യം സുധാപിള്ളയുടെ നേതൃത്വത്തിലുള്ള അവലോകന സമിതി ബോധപൂർവ്വം മറച്ചുവെച്ചതായി പറയപ്പെടുന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വൻകിട വ്യവസായ പദ്ധതികൾക്ക് അംഗീകാരം ലഭിക്കാൻ വിശാലമായ അടിസ്ഥാന സൗകര്യങ്ങളും വലിയ തോതിൽ ഭൂമിയും മുൻകൂട്ടി സജ്ജമാക്കേണ്ടതുണ്ടെന്നിരിക്കെ, ഭൂമി ഏറ്റെടുത്ത് ചുരുങ്ങിയ വർഷങ്ങൾക്കുള്ളിൽ തന്നെ പദ്ധതികൾ തുടങ്ങിയില്ല എന്ന വിമർശനം അടിസ്ഥാന സൗകര്യ വികസന രംഗത്തെ പ്രായോഗിക ബുദ്ധിമുട്ടുകൾ മനസ്സിലാക്കാത്തതുകൊണ്ടാണോ; വിശദമാക്കാമോ?

മറുപടി: 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം വിവിധ പദ്ധതികൾക്കായി അർത്ഥനാധികാരികൾ ആവശ്യപ്പെടുന്ന സ്വകാര്യ ഭൂമി ഏറ്റെടുത്ത് ബന്ധപ്പെട്ട അർത്ഥനാധികാരികൾക്ക് കൈമാറുന്നതിനുള്ള നടപടികളാണ് റവന്യൂ വകുപ്പ് സ്വീകരിക്കുന്നത്.

സെക്ഷൻ ഓഫീസർ